# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5258 - 02.07.2013-ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റിക്കവറി നടപടികൾക്ക് മൊറട്ടോറിയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വിദ്യാഭ്യാസ വായ്പകളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികൾക്കും, ബാങ്കുകൾ സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികൾക്കും ഏർപ്പെടുത്തിയ മൊറട്ടോറിയം കൂടുതൽ കാലത്തേക്ക് നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | വിദ്യാഭ്യാസ വായ്പകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മൊറട്ടോറിയം കാലാവധി കഴിഞ്ഞതിനെ തുടർന്ന് 10.04.2013 മുതൽ ആറുമാസക്കാലത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) തൊഴിൽ രഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പലിശ സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്ന ബജറ്റ് നിർദ്ദേശത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | തൊഴിൽ രഹിതരായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ 2004 മുതൽ 2009 വരെയുള്ള കാലത്തെ വിദ്യാഭ്യാസ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുന്ന പദ്ധതി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ജില്ലാ കളക്ടർമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, ബാങ്കുകൾ എന്നിവ മുഖേന പലിശയിളവ് അനുവദിക്കുന്നതിനുള്ള നടപടികൾ വിവിധ ജില്ലകളിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ